REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 23-04-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- ജമ്മുകശ്മീരിലെ പഹൽഗാമിൽ ഭീകരണാക്രമണത്തിൽ ഒരു മലയാളിയും രണ്ട് വിദേശ പൗരന്മാരും ഉൾപ്പെടെ 26 പേർക്ക് ജീവൻ നഷ്ടമായി .
- പഹൽഗാം ഭീകരാക്രമണത്തെ രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും അപലപിച്ചു.
- ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് സർവ്വ പിന്തുണയും നൽകുന്നതായി ലോകനേതാക്കൾ.
- ഭീകരാക്രമണ പശ്ചാത്തലത്തിൽ മലയാളികൾക്ക് സേവനങ്ങളും വിവരങ്ങളും ലഭ്യമാക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നോർക്ക റൂട്സിന് നിർദേശം നൽകി.
- ഫ്രാൻസിസ് മാർപാപ്പയുടെ ഖബറടക്ക ചടങ്ങുകൾ ശനിയാഴ്ച നടത്തുമെന്ന് വത്തിക്കാൻ.
- IPL ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസിന് ജയം.

## വാർത്തകൾ വിശദമായി

ജമ്മുകശ്മീരിലെ പഹൽഗാമിൽ ഭീകരണാക്രമണത്തിൽ ഒരു മലയാളിയും രണ്ട് വിദേശ പൗരന്മാരും ഉൾപ്പെടെ 26 പേർക്ക് ജീവൻ നഷ്ടമായി. രണ്ട് തദ്ദേശീയ കശ്മീരികളും കൊല്ലപ്പെട്ടവരിൽ ഉൾപ്പെടുന്നു. രക്ഷാപ്രവർത്തനങ്ങളും, തിരിച്ചറിയൽ ശ്രമങ്ങളും തുടരുന്നതിനാൽ മരിച്ചവരുടെ അന്തിമ കണക്ക് ശേഖരിച്ചു വരികയാണെന്ന് ഉന്നത സുരക്ഷാ വൃത്തങ്ങൾ അറിയിച്ചു.

ഇന്നലെ ഉച്ചകഴിഞ്ഞ് സൈനിക വേഷത്തിലെത്തിയ ഭീകരർ വിനോദസഞ്ചാരികൾക്കു നേരെ നിറയൊഴിക്കുകയായിരുന്നു. 2019 ലെ പുൽവാമ ആക്രമണത്തിനു ശേഷം കശ്മീരിലുണ്ടായ ഏറ്റവും വലിയ ഭീകരാക്രമണമാണിത്.

✪✪✪

കൊച്ചി ഇടപ്പള്ളി സ്വദേശി രാമചന്ദ്രൻ ജമ്മുകശ്മീരിലെ പഹൽഗാമിൽ ഭീകരരുടെ വെടിയേറ്റ് മരിച്ചതായി ബന്ധുക്കൾക്ക് വിവരം ലഭിച്ചു. ഏറെക്കാലം ഗൾഫിലായിരുന്ന രാമചന്ദ്രൻ ഭാര്യയ്ക്കും, മകൾക്കും, രണ്ട് പേരക്കുട്ടികൾക്കുമൊപ്പം കഴിഞ്ഞ ദിവസമാണ് ജമ്മുകശ്മീരിൽ എത്തിയത്. മറ്റു കുടുംബാംഗങ്ങൾ സുരക്ഷിതരാണ്.

കൊച്ചിയിൽ ഇന്ത്യൻ നേവിയിൽ ജോലിചെയ്യുന്ന വിനയ് നിർവാളും ഭീകരരുടെ ആക്രമണത്തിൽ മരിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്. ഹരിയാന സ്വദേശിയായ വിനയ് ഭാര്യയോടൊപ്പം മധുവിധു ആഘോഷിക്കാനാണ് കശ്മീരിൽ എത്തിയത്.

✪✪✪

പഹൽഗാം ഭീകരാക്രമണത്തെ ലോകരാഷ്ട്രങ്ങൾ അപലപിച്ചു. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് സർവ്വ പിന്തുണയും നൽകുന്നതായി ലോകനേതാക്കൾ പ്രഖ്യാപിച്ചു.

ന്യൂസ് ഡെസ്ക്ക് തയ്യാറാക്കിയ റിപ്പോർട്ട്...

....(വോയ്സ്)....

അത്യന്തം നിന്ദ്യവും മനുഷ്യത്വരഹിതവുമായ പ്രവൃത്തിയെ ശക്തമായി അപലപിക്കണമെന്നും രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. നിരപരാധികളായ പൗരന്മാരെ ആക്രമിക്കുന്നത് അങ്ങേയറ്റം ഭയാനകവും മാപ്പർഹിക്കാത്തതുമാണ്. ആക്രമണത്തിനു പിന്നിൽ പ്രവർത്തിച്ചവരെ വെറുതെ വിടില്ലെന്നും പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട കുടുംബങ്ങളെ അനുശോചനം അറിയിക്കുന്നതായും രാഷ്ട്രപതി പറഞ്ഞു.

ഭീകരാക്രമണത്തിൽ അതീവ ദുഃഖിതനാണെന്നും ഇത്തരം ആക്രമണങ്ങൾ അപലപനീയമാണെന്നും ഉപരാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

നിരപരാധികളായ സിവിലിയന്മാർക്കെതിരായ കടുത്ത ആക്രമണം ഭീരുത്വവും  നിന്ദ്യവുമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് പറഞ്ഞു.

ജമ്മു കശ്മീർ ലഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയും മുഖ്യമന്ത്രി ഒമർ അബ്ദുല്ലയും ഭീകരാക്രമണത്തെ ശക്തമായി അപലപിച്ചു. നരേന്ദ്ര മോദി ഗവൺമെന്റ് ഭീകരതയ്ക്കെതിരെ സീറോ-ടോളറൻസ് നയത്തെ പിന്തുടരുന്നതായി കേന്ദ്രമന്ത്രിയും ബിജെപി ദേശീയ അധ്യക്ഷനുമായ ജെ.പി നദ്ദ പറഞ്ഞു. ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തെ അനുശോചനമറിയിക്കുന്നതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫട്നാവിസ്, ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി, പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി, സമാജ് വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ് തുടങ്ങിയവരും ആക്രമണത്തെ അപലപിച്ചു.

✪✪✪

പഹൽഗാം ഭീകരാക്രമണത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അപലപിച്ചു. ഈ ഹീനമായ ചെയ്തിക്ക്  പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുമെന്നും, അവരെ വെറുതെ വിടില്ലെന്നും നരേന്ദ്രമോദി പറഞ്ഞു. ഭീകരരുടെ ദുഷിച്ച അജണ്ട ഒരിക്കലും വിജയിക്കില്ലെന്നും തീവ്രവാദത്തിനെതിരെ പോരാടാനുള്ള നമ്മുടെ ദൃഢനിശ്ചയം അചഞ്ചലമാണെന്നും അത് കൂടുതൽ ശക്തമാകുമെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമപോസ്റ്റിൽ അറിയിച്ചു.

പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടവർക്ക് അനുശോചനമറിയിച്ച പ്രധാനമന്ത്രി പരിക്കേറ്റവർ എത്രയും പെട്ടെന്ന് സുഖം പ്രാപിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നതായും പറഞ്ഞു. ദുരിതബാധിതർക്ക് സാധ്യമായ എല്ലാ സഹായങ്ങളും  കേന്ദ്രഗവൺമെന്റ് ലഭ്യമാക്കുമെന്നും നരേന്ദ്രമോദി വ്യക്തമാക്കി.

✪✪✪

പഹൽഗാം ഭീകരാക്രമണത്തെ ലോകരാഷ്ട്രങ്ങൾ അപലപിച്ചു. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ  ഇന്ത്യയ്ക്ക് സർവ്വ പിന്തുണയും നൽകുന്നതായി ലോകനേതാക്കൾ പ്രഖ്യാപിച്ചു.

ന്യൂസ് ഡെസ്ക്ക് തയ്യാറാക്കിയ റിപ്പോർട്ട്...

**....(വോയ്സ്)....**

**ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്കും ഇന്ത്യൻ ജനതക്കും പൂർണ പിന്തുണ വാഗ്ദാനം ചെയ്യുന്നതായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു. ഭീകരതക്കെതിരെ ഇന്ത്യക്കൊപ്പം അമേരിക്ക ശക്തമായി നിലകൊള്ളുമെന്നും ട്രംപ് ഉറപ്പു നൽകി. ജീവൻ നഷ്ടമായവരുടെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നുവെന്നും പരിക്കേറ്റവർ അതിവേഗം സുഖം പ്രാപക്കട്ടെയെന്നും ട്രംപ് അറിയിച്ചു.**

**ഇറാൻ എംബസിയും ആക്രമണത്തിൽ അപലപിച്ചു. ഇന്ത്യാ ഗവൺമെന്റിന് പിന്തുണ വാഗ്ദാനം ചെയ്ത എംബസി വൃത്തങ്ങൾ ഇരകളുടെ കുടുംബത്തിന് അനുശോചനം രേഖപ്പെടുത്തി. ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യക്കൊപ്പം ഉറച്ചു നിൽക്കുമെന്ന് ഇന്ത്യയിലെ റഷ്യൻ അംബാസഡർ ഡെനിസ് അലിപോവ് പറഞ്ഞു.**

**✪✪✪**

**പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ സൗദി അറേബ്യ സന്ദർശനം വെട്ടിച്ചുരുക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ഉടൻ രാജ്യത്ത് തിരിച്ചെത്തും. സൗദി അറേബ്യ ഇന്നലെ സംഘടിപ്പിച്ച ഔദ്യോഗിക അത്താഴവിരുന്നിലും പ്രധാനമന്ത്രി പങ്കെടുത്തില്ല.**

**അതേസമയം, പ്രധാനമന്ത്രിയുടെ സന്ദർശനത്തിനിടെ ഇരുരാജ്യങ്ങളും തമ്മിൽ നാല് സുപ്രധാന കരാറുകളിൽ ഒപ്പുവെച്ചു. ബഹിരാകാശം, ആരോഗ്യസംരക്ഷണം, ഉത്തേജക വിരുദ്ധ മരുന്ന്, തപാൽ എന്നി വിഭാഗങ്ങളിൽ സഹകരണം ഉറപ്പുവരുത്തുന്നതിനാണ് ഇരുരാജ്യങ്ങളും തമ്മിൽ ധാരണയായത്.**

**പഹൽഗാമിലെ ഭീകരാക്രമണത്തെ ശക്തമായി അപലപിക്കുകയും ജീവൻ നഷ്ടപ്പെട്ട നിരപരാധികൾക്ക് സൗദി കിരീടാവകാശി അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു.**

**✪✪✪**

**ജമ്മുകശ്മീരിലെ ക്രൂരമായ ഭീകരാക്രമണത്തെ ശക്തമായി അപലപിക്കുന്നതായി മുസ്ലീം വേൾഡ് ലീഗ് സെക്രട്ടറി ജനറൽ ഷേയ്ഖ് ഡോ.മുഹമ്മദ് ബിൻ അബ്ദുൽകരീം അൽ ഇസ പറഞ്ഞു. ജിദ്ദയിൽ**

പ്രധാനമന്ത്രി നരേന്ദ്രമോദിയെ സന്ദർശിച്ച അദ്ദേഹം, നിരപരാധികൾക്ക് ജീവൻ നഷ്ടപ്പെട്ടതിൽ അനുശോചനം അറിയിച്ചു.

✪✪✪

പഹൽഗാമിൽ വിനോദസഞ്ചാരികൾക്ക് നേരെയുണ്ടായ ആക്രമണത്തെത്തുടർന്ന് ജമ്മു കശ്മീരിൽ വൻ സുരക്ഷാ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്നലെ വൈകീട്ട് രാജ്ഭവനിലെത്തി മുതിർന്ന ഉദ്യോഗസ്ഥരുമായി ഉന്നതതല അവലോകന യോഗം നടത്തി.

ആക്രമണം നടന്ന സ്ഥലം ഇന്ന് അദ്ദേഹം സന്ദർശിക്കും. ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയും അദ്ദേഹത്തോടൊപ്പം ഉണ്ടാകും. അമിത് ഷാ ദൃക്സാക്ഷികളുമായി സംസാരിക്കുകയും പരിക്കേറ്റവരെ സന്ദർശിക്കുകയും ചെയ്യും.

✪✪✪

പഹൽഗാമിൽ ഭീകരാക്രമണത്തിൽ വിനോദസഞ്ചാരികൾ കൊല്ലപ്പെട്ടതിൽ പ്രതിഷേധിച്ച് കശ്മീർ താഴ്വരയിലും ജമ്മുമേഖലയിലും ബിസിനസ്, യാത്രാ വ്യാപാര സംഘടനകൾ ഇന്ന് ബന്ദ് പ്രഖ്യാപിച്ചു. ഇന്നലെ വിവിധ പ്രദേശങ്ങളിലെ ആളുകൾ മെഴുകുതിരി കത്തിച്ച് പ്രതിഷേധ പ്രകടനങ്ങൾ സംഘടിപ്പിച്ചു.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ മലയാളികൾക്ക് സേവനങ്ങളും വിവരങ്ങളും ലഭ്യമാക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നോർക്ക റൂട്സിന് നിർദേശം നൽകി. എറണാകുളം സ്വദേശി കൊല്ലപ്പെട്ടു എന്ന വാർത്ത അത്യന്തം വേദനാജനകമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെ സുരക്ഷിതമായി നാട്ടിലെത്തിക്കും. ആവശ്യമായ എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്യുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

ജമ്മു കാശ്മീരിലേക്ക് പോയ ഹൈക്കോടതി ജസ്റ്റിസുമാരായ ജസ്റ്റിസ് അനിൽ കെ നരേന്ദ്രൻ, ജസ്റ്റിസ് പി ജി അജിത്കുമാർ, ജസ്റ്റിസ് ഗിരീഷ് എന്നിവർ ശ്രീനഗറിലെ ഹോട്ടലിൽ സുരക്ഷിതരാണ്. MLA മാരായ M. മുകേഷ്, KPA മജീദ്, T. സിദ്ദീഖ്, K.ആൻസലൻ എന്നിവരും ശ്രീനഗറിൽ ഉണ്ട്. ഇവരും സുരക്ഷിതരാണെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

✪✪✪

കശ്മീർ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കേരളീയർക്ക് സഹായവും സേവനങ്ങളും വിവരങ്ങളും ലഭ്യമാക്കുന്നതിന് നോർക്ക ഹെൽപ്പ് ഡെസ്ക്ക് ആരംഭിച്ചു. സേവനം ഉപയോഗപ്പെടുത്തുന്നതിന് 18 00 42 53 939 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടണമെന്ന് നോർക്ക അറിയിച്ചു.

കശ്മീരിൽ കുടുങ്ങിയവരെ സംബന്ധിച്ച വിവരം തേടുന്നവർക്ക് ഹെൽപ്പ് ഡെസ്ക്ക് നമ്പരിൽ പേര് രജിസ്റ്റർ ചെയ്യാമെന്ന് നോർക്ക റൂട്ട്സ് CEO അറിയിച്ചു.

✪✪✪

ജമ്മു കശ്മീരിൽ വിനോദ സഞ്ചാരികൾക്ക് നേരെ ഉണ്ടായ ഭീകരാക്രമണം ഞെട്ടിക്കുന്നതും രാജ്യസുരക്ഷയ്ക്ക് എതിരായ വെല്ലുവിളിയുമാണന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. കശ്മീരിന്റെ ചരിത്രത്തിൻ വിനോദ സഞ്ചാരികൾക്ക് എതിരെ നടന്ന എറ്റവും വലിയ ഭീകരാക്രമണങ്ങളിൽ ഒന്നാണിതെന്നും , സംഭവത്തെ അപലപിക്കുന്നതായും അദ്ദേഹം അറിയിച്ചു.

✪✪✪

ജമ്മു കാശ്മീരിലെ ഭീകരാക്രമണത്തെ BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ അപലപിച്ചു. കാശ്മീരിലെ സമാധാനം തകർക്കാൻ ഭീകരവാദികൾ നടത്തുന്ന ശ്രമത്തിന് ശക്തമായ രീതിയിൽ തിരിച്ചടി നൽകുമെന്ന് ഉറപ്പാണെന്ന് അദ്ദേഹം പറഞ്ഞു. ജമ്മു കശ്മീരിന്റെ സമാധാനം തകർത്ത് സാധാരണ ജീവിതം തടസ്സപ്പെടുത്തുകയാണ് ഭീകരരുടെ ലക്ഷ്യമെന്ന് വ്യക്തമാണെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

ഫ്രാൻസിസ് മാർപാപ്പയുടെ ഖബറടക്ക ചടങ്ങുകൾ ശനിയാഴ്ച നടത്തുമെന്ന് വത്തിക്കാൻ വാർത്താക്കുറിപ്പിൽ അറിയിച്ചു. ഭൗതിക ശരീരം സൂക്ഷിച്ചിരിക്കുന്ന കാസ സാന്റ് മാർട്ടയിലെ ചാപ്പലിൽ പ്രത്യേക പ്രാർത്ഥനാ ചടങ്ങുകൾ പുരോഗമിക്കുകയാണ്. ഇന്ന് ഉച്ചക്ക് 12.30 മുതൽ സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ ഭൗതിക ശരീരം പൊതുദർശനത്തിനു വെക്കും. യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അടക്കം ലോക നേതാക്കൾ സംസ്കാര ചടങ്ങിന് സാക്ഷിയാകാൻ എത്തും.

✪✪✪

**രണ്ടാം പിണറായി ഗവൺമെന്റിന്റെ നാലാംവാർഷികാഘോഷത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ പത്തനംതിട്ട ജില്ലാതല അവലോകന യോഗം നാളെ ചേരും. രാവിലെ 10.30 മുതൽ 12.30 വരെ ഇലന്തൂർ നന്നുവക്കാട് തൂക്കുപാലം പെട്രാസ് കൺവെൻഷൻ സെന്ററിലാണ് പരിപാടി.**

**ജില്ലയിലെ വിവിധ മേഖലകളിലെ പ്രത്യേക ക്ഷണിതാക്കളായ 500 പേരുമായി മുഖ്യമന്ത്രി സംവദിക്കും.**

✪✪✪

**സംസ്ഥാനത്ത് അഞ്ച് ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്യുകയെന്ന ലക്ഷ്യം ഈ വർഷത്തോടെ പൂർത്തീകരിക്കുമെന്ന് മന്ത്രി കെ രാജൻ അറിയിച്ചു. കോഴിക്കോട് ജില്ലയിലെ പട്ടയവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്ന നടപടി വേഗത്തിലാക്കുമെന്നും മന്ത്രി പറഞ്ഞു. റവന്യു വകുപ്പിന്റെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.**

**ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് അതിദരിദ്രർക്കും ഭൂരഹിതർക്കും വിതരണം ചെയ്യുന്ന നടപടി ത്വരിതപ്പെടുത്താനും, താലൂക്ക് തലത്തിലും വില്ലേജ് തലത്തിലും ഇതിന് പ്രത്യേക ടീമിനെ സജ്ജമാക്കാനും മന്ത്രി നിർദേശം നൽകി.**

✪✪✪

**വിലങ്ങാട് ഉരുൾപ്പൊട്ടൽ ദുരന്തത്തിനിരയായ പ്രദേശത്തെ അവശിഷ്ടങ്ങൾ മേയ് മാസത്തോടെ പൂർണമായി നീക്കുമെന്നും അതിനായി ആറ് കോടി രൂപ കൂടി അനുവദിച്ചതായും മന്ത്രി K. രാജൻ പറഞ്ഞു. വടകര വിലങ്ങാട് പുനരധിവാസ പുരോഗതി വിലയിരുത്തുന്നതിന് കോഴിക്കോട് ചേർന്ന അവലോകന യോഗത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ ................**

**......(വോയ്സ്)..........**

**നിലവിൽ അനുവദിച്ച 2 കോടി 49 കോടി ലക്ഷം രൂപ വിനിയോഗിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. തുക അപര്യാപ്തമാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് കൂടുതൽ തുക അനുവദിച്ചത്.**

ഉരുൾപ്പൊട്ടൽ നാശനഷ്ടമുണ്ടാക്കിയ നാല് വാർഡുകളിലെ റോഡുകളുടെയും പാലങ്ങളുടെയും പ്രവൃത്തി വേഗത്തിലാക്കുമെന്നും മന്ത്രി പറഞ്ഞു.

വീട് പൂർണമായി നഷ്ടപ്പെട്ട 31 കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. ദുരന്തത്തിനിരയായ കുടുംബങ്ങളിലെ രണ്ടുപേർക്ക് ദിവസം 300 രൂപ വീതം ധനസഹായം നൽകുന്നത് ഒരു മാസം കൂടി ദീർഘിപ്പിക്കും. ദുരന്തബാധിതരുടെ വൈദ്യുതി ചാർജ് ഒഴിവാക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസിന് ജയം. ലക്നൗവിൽ ആതിഥേയരായ ലക്നൗ സൂപ്പർ ജയന്റ്സിനെ എട്ടു വിക്കറ്റിന് ഡൽഹി ക്യാപിറ്റൽസ് പരാജയപ്പെടുത്തി.

ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, മുംബൈ ഇന്ത്യൻസുമായി ഏറ്റുമുട്ടും. ഹൈദരാബാദിലെ രാജീവ് ഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരക്കാണ് മത്സരം.

✪✪✪

വിജയത്തിൽ ആഹ്ളാദിക്കാൻ മാത്രമല്ല  പരാജയത്തെ നേരിടാൻ കരുത്തും ഇന്നത്തെ തലമുറയ്ക്ക് പകരേണ്ടത് ആവശ്യമാണെന്ന് സ്പീക്കർ AN ഷംസീർ പറഞ്ഞു. പാലക്കാട് വട്ടേക്കാട് ഗവ.യു.പി സ്കൂളിൽ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രശ്നങ്ങൾ നേരിടാൻ മാനസികശക്തി യുവതലമുറയ്ക്ക് കുറഞ്ഞു വരികയാണെന്നും, രക്ഷിതാക്കൾ അവരുടെ ആഗ്രഹം കുട്ടികളിൽ അടിച്ചേൽപ്പിക്കരുതെന്നും സ്പീക്കർ പറഞ്ഞു.

കിഫ്ബി ഫണ്ടിൽ നിന്നും ഏഴര കോടി രൂപ ചെലവിൽ നിർമ്മാണം പൂർത്തീകരിച്ച കുഴൽമന്ദം ഗവ. ഹൈസ്കൂളിന്റെ പുതിയ കെട്ടിടവും സ്പീക്കർ ഉദ്ഘാടനം ചെയ്തു.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*News Team: ഫസ്ന ഫാത്തിമ*
*DEO: ഷീബ*